# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 13 — 01.12.2014-ൽ മറുപടിയ്ക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ (KAS) രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എം.എസ്) നം.228/14/പൊ.ഭ.) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. മറ്റു വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | നിലവിൽ ഏതെല്ലാം വകുപ്പുകളാണ് കെഎഎസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പുതുതായി ഏതെങ്കിലും വകുപ്പുകളെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | മറ്റു വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | PSC നേരിട്ട് നിയമിക്കുന്ന ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ അടിസ്ഥാന യോഗ്യതയുള്ളവർക്കു കൂടി ഇതിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുമോ; | | **(ഡി) യും (ഇ) യും**<br>തീരുമാനിച്ചിട്ടില്ല. |
| (ഇ) | ഇതു എന്നത്തേക്ക് പരിപൂർണ്ണമായി നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

~~Annexure III~~

## List of Departments that may be included in the Kerala Administrative Service

1. Agriculture Department
2. Sales Tax
3. Civil supplies
4. Co-operation
5. Industries
6. Labour
7. Land Revenue
8. Municipal Administration
9. Panchayat
10. Registration
11. Rural Development
12. Scheduled class development
13. Scheduled Tribe Development
14. Social Justice
15. Survey &Land Records
16. Tourism
17. Treasuries
18. General Education (DPI)